ണം അനുവദിക്കുന്നതിലേക്ക് കേന്ദ്രഗവണ്മെണ്ട് ടെക്സ്റ്റയിൽ കമ്മീഷണരോട് ഈ ഗവണ്മെണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇവിടത്തെ ഡിപ്പാർട്ട്മെണ്ടുകളുടെ ആവശ്യത്തിലേക്ക് നിവർത്തിയുള്ളിടത്തോളം കൈത്തറി നെയ്ത്തുണികൾതന്നെ ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനും പുറമെ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് കഴിവുള്ള പ്രോത്സാഹനങ്ങൾ നൽകി വരുന്നുണ്ട്.

(ബി) കുറെക്കാലം മുമ്പുവരെ യാതൊരു നിയന്ത്രണവും കൂടാതെ നൂല് കയറ്റുമതി ചെയ്യുന്നതിനു് അനുവദിച്ചിരുന്നു. കൂടാതെ ഇൻഡ്യയിലെ പരുത്തികൃഷി വളരെ മോശമായിരുന്നു. പിന്നെ പാകിസ്ഥാനിൽ നിന്നും പഴയതുപോലെ പരുത്തി ഇറക്കുമതി ചെയ്യുന്നില്ല. ഇതു മൂലം മില്ലുകൾക്ക് ആവശ്യമായ പരുത്തി കിട്ടാതെ വന്നിരുന്നു. ഇക്കാരണങ്ങളാൽ നൂലുല്പാദനം കുറയുകയും രാജ്യത്തു പൊതുവെ നൂലിനു് ക്ഷാമമുണ്ടാകയും ചെയ്തു. ഈ വക സംഗതികളെപ്പറ്റി തീരുമാനം ചെയ്യാനുള്ള പരമാധികാരം ഈ ഗവണ്മെണ്ടിനല്ല. ഇതെല്ലാമാണു് കൈത്തറി നെയ്ത്തുകാർക്ക് നൂല കിട്ടുന്നതിനു് വിഷമം നേരിടാനുള്ള കാരണം എന്നു് ഗവണ്മെണ്ടു വിചാരിക്കുന്നു.

ശ്രീ. പി. നാണു: പരുത്തികൃഷി ഈ നാട്ടിൽ നടപ്പിലാക്കുന്നതിനു് ഏതെങ്കിലും നടപടി ഗവണ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. പി. നാണു : അതു് ഈ നാട്ടിൽ വിജയപ്രദമാക്കാൻ സാധിക്കയില്ലെന്നാണൊ ഗവണ്മെണ്ടു് വിചാരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി സൂക്ഷ്മമായി പറയാൻ നിവർത്തിയില്ല.

ഐ. ജി., ഡി. എസ്. പി. എന്നിവരുടെ ശമ്പളസ്കെയിൽ

*വൃന്ദാവ. (ര ാ ഫ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പോലീസു ഡിപ്പാർട്ട്മെണ്ടിൽ reorganisation വരുത്തിയ അവസരത്തിൽ ഐ. ജി, ഡി. എസ്സ്. പി., എ. എസ്സ് പി. എന്നിവരുടെ ശമ്പളസ്കെയിലിൽ എന്തെങ്കിലും കൂട്ടുതൽ വരുത്തിയിട്ടുണ്ടോ;

(ബി) പോലീസ് ഡിപ്പാർട്ട്മെണ്ടിലെ ശമ്പളപരിഷ്കാരം സംബന്ധിച്ചു് ഐ. ജി. യോടോ ആ ഡിപ്പാർട്ട്മെണ്ടിൽ പരിശീലനമുള്ള മറ്റാരോടെങ്കിലുമോ അഭിപ്രായമോ റിപ്പോർട്ടോ ആവശ്യപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഇല്ല.

(ബി) ഇൻസ്പെക്ടർ ജനറലുമായി ആലോചിച്ചതിനു ശേഷമാണ് പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയതു്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഈ ശമ്പളസ്കെയിൽ പരിഷ്കരണം നടപ്പിലാക്കിയപ്പോൾ എ. എസ്സ്. പി. മാരുടേയും ഡി. എസ്സ്. പി. മാരുടേയും ശമ്പളസ്കെയിൽ സംബന്ധിച്ചു യാതൊരു വ്യത്യാസവും വരുത്താത്തതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ശമ്പളപരിഷ്കരണം നടത്തിയ കാലത്തു അതേപ്പറ്റി ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ഇലങ്കത്തു് : തിരുവിതാംകൂറിലുള്ള എ. എസ്സ്. പി. മാരുടേയും ഡി. എസ്സ്. പി. മാരുടേയും ശമ്പളവും കൊച്ചിയിലുള്ളവരുടേയും ശമ്പളങ്ങൾക്കു് വളരെ വ്യത്യാസം ഉണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അറിയാം.

ശ്രീ. കെ. ആർ. ഇലങ്കത്തു് : അവരുടെ ശമ്പളങ്ങൾ ഏകീകരിക്കുന്നതിനു് വല്ല ആലോചനയും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആലോചിക്കുന്നതാണു്.

ശ്രീ. സി. വി. ഐയ്യ : കൊച്ചിക്കാരായ പല പോലീസുദ്യോഗസ്ഥന്മാരുടേയും മകളിൽ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരെ പ്രേമോട്ട ചെയ്തിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതേസംബന്ധിച്ചു പത്തുപന്ത്രണ്ടു് ചോദ്യങ്ങൾ ഉണ്ടു്. അവയ്ക്കു മറുപടിയായി മറുപടി പറയുന്നതാണു്.

ശ്രീ. സി. വി. ഐയ്യ : സംയോജനത്തിനുശേഷം പോലീസു ഡിപ്പാർട്ടുമെണ്ടിലെ കീഴ്ജീവനക്കാർക്കു ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : രൂപായിമാർക്കും ഹെഡ്കാൻസ്റ്റെബിളിനും ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : എ. എസ്സ്. പി. മാരുടേയും ഡി. എസ്സ്. പി. മാരുടേയും ശമ്പളം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആലോചനയുണ്ടു്.

ശ്രീ. സി. വി. ഐയ്യ : ഈ പോലീസ് ഡിപ്പാർട്ടുമെണ്ടുപരിഷ്കരണത്തിന്റെ ഫലമായി കൊച്ചിക്കാരുടെ മീതെ തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരെ കയറ്റി വച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആരുടേയും മീതെ കയറ്റിയിട്ടില്ല. (ചിരി)

തിരുവിതാംകൂർ കൊച്ചി വക വിമാനം.

*വ്യൻ. (ര) ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു–കൊച്ചി സ്റ്റേറ്റു് ഗവർമ്മെണ്ടുവകയായി വിമാനം ഉണ്ടോ;

(ബി) തിരു–കൊച്ചി ഗവർമ്മെണ്ടു മെയിൽ വിമാന സർവ്വീസു് ഇടങ്ങുവാൻ ആലോചിക്കുന്നുണ്ടോ?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) ഇല്ല.

(ബി) ഇല്ല.

പബ്ലിക്ക് സർവ്വീസ് ചട്ടങ്ങളുടെ ഭേദഗതി.

*വ്യ ൭ ൦. (ഇ) ശ്രീ. വി. കെ. വേലിസ്. താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പബ്ലിക്ക് സർവ്വിസു് നിയമനങ്ങൾ സംബന്ധിച്ചുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനു് താല്പര്യമുണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly